പ്രഭാഷണം

ടി.കെ. അബ്ദുല്ല

# പ്രബോധനം പരിവര്‍ത്തനത്തിന്റെ ചാലകശക്തി

**2009 ഒക്ടോബര്‍ രണ്ടിന് എടയൂരില്‍ നടന്ന *പ്രബോധന*ത്തിന്റെ അറുപതാം വാര്‍ഷിക ഉദ്ഘാടന സമ്മേളനത്തില്‍ ടി.കെ അബ്ദുല്ല സാഹിബ് നടത്തിയ പ്രഭാഷണത്തിന്റെ സംഗ്രഹം**

**ഇന്ന്** 2009 ഒക്ടോബര്‍ രണ്ട്. ഹാജി സാഹിബ് മരണപ്പെട്ടത് 1959 ഒക്ടോബര്‍ 2-ന്. അത്ഭുതകരവും ദൈവഹിതാനുഗതവുമായ ഈ മഹത്തായ യാദൃഛികതക്ക് മുമ്പില്‍ ഞാന്‍ നിര്‍നിമേഷനായി നിന്നുപോകുന്നു. എടയൂര്‍ എന്ന ഈ ഗ്രാമത്തിന്റെ ഉള്‍ത്തുടിപ്പുകളില്‍ ഒരു മഹാ പ്രസ്ഥാനത്തിന്റെ ചരിത്രം ഉറങ്ങുമ്പോള്‍, ഈ മണ്ണില്‍ പ്രസ്ഥാനത്തിന്റെ അമരത്തിരുന്ന അതികായന്‍ അന്ത്യവിശ്രമം കൊള്ളുമ്പോള്‍, അദ്ദേഹത്തോടൊപ്പം, പ്രസ്ഥാനത്തോടൊപ്പം ഈ മണ്ണില്‍ പതിറ്റാണ്ടുകള്‍ അലിഞ്ഞുചേര്‍ന്ന എനിക്ക് വികാര നിര്‍ഭരമായ പല ഓര്‍മകളും ഉണര്‍ന്നുവരുക സ്വാഭാവികമാണ്.



നമുക്ക് 'പ്രബോധനം' എന്ന പേരില്‍നിന്ന് തുടങ്ങാം. 'പേരിന് വേണ്ടി പേരെന്നല്ലാതെ പേരിന്റെ പേരില്‍ പോരെന്തിന് പാരില്‍' എന്നു പറഞ്ഞതു പോലെ പേരിനു വേണ്ടി ഒരു പേരല്ല *പ്രബോധന*ത്തിന്റേത്. കേരളത്തിലെ ഇസ്‌ലാമിക സമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ അന്ത്യത്തെയും നവോത്ഥാനപരമായ പുതുയുഗത്തിന്റെ തുടക്കത്തെയും അടയാള

പ്പെടുത്തുന്ന മധ്യരേഖയാണ് *പ്രബോധനം*. കപ്പപ്പാട്ട്, കുപ്പിപ്പാട്ട്, അക്ബർ സ്വദഖ, ബദറുൽ മുനീർ ഹുസ്നുൽ ജമാൽ തുടങ്ങിയവയുടെ ലോകത്തുനിന്ന് അക്ഷര മലയാളത്തിലേക്ക് കാലെടുത്തുവെച്ചതിന്റെ പേരാണ് *പ്രബോധനം*.

അന്നത്തെ ചില പത്രങ്ങളുടെ പേര് ഞാൻ ഓർമിക്കാം. *അൽമുർഷിദ്, അൽബയാൻ, ഹിദായത്തുൽ മുഅ്മിനീൻ, അൽ ഇസ്‌ലാം, അൽഫാറൂഖ്, അൽ ജിഹാദ്, അൽമനാർ, അൻസാരി*. ഇത്രയും പേരുകളിലെവിടെയും മലയാളമില്ല. ഇതൊന്നും തെറ്റല്ല, സ്വാഭാവികമാണ്. അന്നത്തെ മുസ്‌ലിം സമൂഹത്തിന് ഇസ്‌ലാമിനെക്കുറിച്ച് മലയാളത്തിൽ ചിന്തിക്കാൻ പറ്റുമായിരുന്നില്ല. അറബി മലയാളത്തിലേ നന്നേ കവിഞ്ഞാൽ മനസ്സിലാക്കാൻ പറ്റുമായിരുന്നുള്ളൂ. *ഖുത്ബാതി*ന്റെ ആദ്യകാലത്തെ ഒരു എഡിഷൻ അറബിമലയാളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അറബി മലയാളവുമായുള്ള പൊക്കിൾകൊടി ബന്ധം മുറിഞ്ഞു കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്ത് 'പ്രബോധനം' എന്ന വാക്ക് എടയൂരിലെ കൊച്ചു നിസ്കാരപള്ളിയുടെ മുകളിൽ മുഴങ്ങിയപ്പോൾ അത് ഒരു കാലഘട്ടത്തിന്റെ അവസാനത്തെ മാത്രമല്ല, പുതിയ ഒരു കാലഘട്ടത്തിന്റെ ഉദ്ഘാടനത്തെക്കൂടിയാണ് കുറിച്ചത്.

പേരിന്റെ ഭാഷാപരമായ വശമാണ് നാം പറഞ്ഞത്. എന്നാൽ ആശയപരമായ മറ്റൊരു വശമുണ്ട്. ആശയപരമായി 'പ്രബോധനം' എന്ന വാക്ക് അതിനു മുമ്പ് മലയാളത്തിന് സുപരിചിതമായിരുന്നതായി എനിക്ക് തോന്നുന്നില്ല. മക്തി തങ്ങളുടെ കാലഘട്ടത്തിലെ *ഇശാഅത്ത്* എന്ന പത്രം പണ്ഡിതനായ എന്റെ പിതാവ് ആയഞ്ചേരി തറക്കണ്ടി അബ്ദുർറഹ്മാൻ മൗലവിയുടെ ശേഖരത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. അത് മലയാളത്തിൽ തന്നെയാണ്. മക്തി തങ്ങൾ ക്രിസ്ത്യാനികളുമായി നടത്തിയ സംവാദമായിരുന്നു അതിലെ അധികം ലേഖനങ്ങളും. പക്ഷേ, അതിന്റെയും പേര് 'ഇശാഅത്ത്' എന്നായിരുന്നു. എന്നാൽ 'പ്രബോധനം' എന്ന വാക്ക് അർഥമാക്കുന്നത് ഇസ്‌ലാമിന്റെ ഒരു വ്യാഖ്യാനത്തെയാണ്. ഇസ്‌ലാം അനുഷ്ഠാന മതം മാത്രമല്ല, വിശ്വാസ-ആചാരങ്ങൾ മാത്രമല്ല; അത് പ്രബോധനമതം കൂടിയാണ്. നമ്മിൽനിന്ന് മറ്റുള്ളവരിലേക്ക്, തലമുറകളിൽനിന്ന് തലമുറകളിലേക്ക് പകർന്നു കൊടുക്കുന്ന ഒരു ദീനാണ് ഇസ്‌ലാം എന്നാണ് 'പ്രബോധനം' എന്ന വാക്ക് അർഥമാക്കുന്നത്. തികച്ചും യാദൃഛികമായി, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രം 'ദഅ്‌വത്ത്' എന്ന പേരിലാണ് പ്രസിദ്ധീകരിക്കുന്നത്. ഇസ്‌ലാമിന്റെ പ്രബോധനവശത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

എന്റെ നാടിനടുത്ത് നല്ല വിവരമുള്ള, ശാഫിഈ മദ്ഹബിൽ ആധികാരിക ജ്ഞാനമുള്ള നല്ല ഒരു പണ്ഡിതനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസവും അഭിപ്രായവും, ബാങ്ക് കേട്ടാൽ നാട്ടിലെല്ലാം ദഅ്‌വത്ത് എത്തി എന്നായിരുന്നു. മുസ്‌ലിംകൾ പ്രത്യേകം ദഅ്‌വത്ത് ചെയ്യേണ്ടതില്ല, ബാങ്ക് കൊടുത്താൽ മതി. ബാങ്ക് കേൾക്കുന്നിടത്തൊക്കെ ദഅ്‌വത്തെത്തി. ഇതായിരുന്നു വിശ്വാസം. ഈ സന്ദർഭത്തിലാണ്, 'പ്രബോധനം' എന്ന പേരിട്ടുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാം വിശ്വസിക്കാനും അനുഷ്ഠിക്കാനുമുള്ള മതം മാത്രമല്ല പ്രബോധനം ചെയ്യാനുമുള്ളതാണെന്ന് ഉദ്ബോധിപ്പിച്ചത്.

എങ്ങനെയാണ് *പ്രബോധനം* തുടങ്ങിയത്? ഹാജിസാഹിബും കെസി അബ്ദുല്ല മൗലവിയും ഇവിടത്തെ ഒരു കൊച്ചു നമസ്കാരപള്ളിയിൽ മുഖത്തോടുമുഖം നോക്കിയിരിക്കുന്നു. സർക്കാറിൽനിന്ന് പത്രം നടത്തിപ്പിനുള്ള അനുവാദം കിട്ടിക്കഴിഞ്ഞു. ഇനി എന്തു ചെയ്യണമെന്ന് ആലോചിച്ച് പേനയും കൈയിൽ പിടിച്ച് ഇരി

ക്കുകയാണ്. കുറച്ചു നേരം അർഥഗർഭമായ മൗനത്തിന്റെ ഘനീഭവിച്ച നിമിഷങ്ങൾ കടന്നുപോകുന്നു. രണ്ട് പേർക്കും വാക്കുകളില്ല. എന്താണ് ചെയ്യേണ്ടത്, ആരാണ് തുടങ്ങേണ്ടത് എന്നറിയാതെ, നിശ്ശബ്ദതയുടെ അർഥവത്തായ ചോദ്യചിഹ്നങ്ങളായി നിമിഷങ്ങൾ കടന്നുപോകുന്നു. ആരെങ്കിലും തുടങ്ങണമല്ലോ! ഹാജി സാഹിബ് തുടങ്ങട്ടെ. എന്താണ് തുടങ്ങേണ്ടത്? കെ.സിയുടെ മറുപടി: 'നിങ്ങൾ പറയൂ, ഞാൻ എഴുതാം.' 'ശരി, ഞാൻ പറയാം'- ഹാജി സാഹിബ് പറഞ്ഞുതുടങ്ങി: 'ബിസ്മില്ലാഹിർറഹ്മാനി റഹീം...' അങ്ങനെ ആദ്യം പറഞ്ഞവരികളാണ് *പ്രബോധനം* ഒന്നാം ലക്കത്തിന്റെ മുഖപ്രസംഗം.

അങ്ങനെ ഹാജി സാഹിബും കെ.സിയും തുടക്കം കുറിച്ച പത്രം ഏതാനും ലക്കങ്ങൾ എങ്ങനെ നടന്നു എന്ന് എനിക്കറിയില്ല. അന്ന് ഞാൻ അതിന്റെ വായനക്കാരൻ മാത്രമാണ്. ഞാൻ അന്ന് ആലിയാ അറബിക്കോളേജിൽ പഠിക്കുന്ന കാലം. വളാഞ്ചേരിയിൽ ഒരു വാർഷികം നടക്കുന്നുവെന്ന് കേട്ടു. ഉമ്മ കവറിലിട്ട് അയച്ച അഞ്ച് രൂപയടക്കം, മുമ്പ് ശേഖരിച്ചുവെച്ച ചില്ലറ തുട്ടുകളുമായി കൂടി കൂട്ടിയിട്ടും പത്തുരൂപ എത്തിയില്ല. ഓർമയനുസരിച്ച് അന്ന് കുറ്റിപ്പുറം വരെ ട്രെയിൻ യാത്രക്ക് പത്ത് രൂപ വേണമായിരുന്നു. ഞാൻ തീരുമാനിച്ചു, സമ്മേളനത്തിന്റെ റിപ്പോർട്ട് വായിക്കാം. അങ്ങനെ റിപ്പോർട്ട് വായിച്ച് മതിയാക്കി. കുറച്ചുകഴിഞ്ഞപ്പോൾ എനിക്കൊരു വിളിയാളം വന്നു: 'ഹാജി വി.പി മുഹമ്മദലി സാഹിബ് എഴുതുന്നു, ഉടൻ പുറപ്പെടുക, *പ്രബോധനം* ഓഫീസിലേക്ക്.'

വിദ്യാഭ്യാസത്തിൽ മുഴുകി, ആർത്തിയോടെ പഠിച്ചുകൊണ്ടിരിക്കുന്ന സമയത്താണ്, മുലകുടിക്കുന്ന കുട്ടിയെ വലിച്ചെടുക്കുന്ന പോലെയാണ് കത്ത്. രാത്രി പത്തു മണിവരെ മാത്രമേ കുട്ടികൾ വായിക്കാൻ പാടുള്ളൂ. എന്റെ റൂമിൽ പക്ഷേ ഒരു വിളക്ക് കത്തും. എന്റെ സഹപാഠി അത് പലപ്പോഴും ഊതിക്കെടുത്തും; അദ്ദേഹത്തിന് സുഖമായി ഉറങ്ങാൻ. അങ്ങനെ പത്തു മണിക്കപ്പുറം വിളക്ക് കത്തിച്ച്, അധ്യാപകരെ കബളിപ്പിച്ച് വിജ്ഞാനം നുകർന്നുകൊണ്ടിരിക്കുന്നതിനിടക്കാണ് ഉടൻ പുറപ്പെടമെന്ന വിളിയാളം വരുന്നത്. ഒന്നും ആലോചിക്കാതെ പുറപ്പെട്ടു. ആലിയയിൽ ഞാൻ പോയതും മറ്റൊരു കൽപന പ്രകാരമായിരുന്നു. രസകരമായ ഒരു ചരിത്ര സംഭവത്തിനു ശേഷം എന്റെ നാട്ടിൽ മതപ്രസംഗം നടത്തിയ മർഹൂം വി.കെ ഇസ്സുദ്ദീൻ മൗലവി അവസാന പ്രസംഗത്തിനു ശേഷം എല്ലാവരും പോയിക്കൊണ്ടിരിക്കെ ഒരു വിരൽതുമ്പിൽ എന്നെ പിടിച്ചുനിർത്തി. ഞാൻ നിന്നുപോയി. എന്നോടദ്ദേഹം ചോദിച്ചു: 'അബ്ദുർറഹ്മാൻ മുസ്‌ലിയാരുടെ മകനല്ലേ?' 'അതെ!' 'ആലിയയിലേക്ക് പുറപ്പെടണം!' അതും ഒരു കൽപനയായിരുന്നു. അതിന് വഴങ്ങി ആലിയയിൽ പോയ ഞാൻ അതിനേക്കാൾ ശക്തിയുള്ള മറ്റൊരു കൽപനക്ക് വിധേയനായി *പ്രബോധന*ത്തിലേക്ക് വന്നു.

*പ്രബോധന*ത്തിലെത്തിയപ്പോൾ മറ്റൊരു ലോകത്തിന്റെ കവാടമാണ് എനിക്ക് തുറന്നുകിട്ടിയത്. ഉർദു, പാഠപുസ്തകത്തിൽ മാത്രം പഠിച്ച ഞാൻ ഇവിടെ വന്നപ്പോൾ ഉർദു സാഹിത്യത്തിന്റെ ഒരു മഹാ പ്രപഞ്ചത്തിന്റെ നടുവിലാണ് വന്നു വീണത്. ഹാജി സാഹിബിന് അതെല്ലാം നോക്കാൻ സമയമുണ്ടായിരുന്നില്ല. *പ്രബോധനം* ഇറക്കാൻ വേണ്ടി ഒന്നോ രണ്ടോ ദിവസം ഒഴികെ ബാക്കി ദിവസങ്ങളിലെല്ലാം അദ്ദേഹം *പ്രബോധന*ത്തിനു വേണ്ടി യാത്രയിലായിരിക്കും. തിരിച്ചുവന്നാൽ പലതും അദ്ദേഹം എന്നോട് ചോദിക്കും.അതിനു വേണ്ടിയും സ്വന്തം നിലയിലും ഒരു വലിയ ഭണ്ഡാരം വായിക്കാൻ അന്ന് അവസരം ഉണ്ടായതുകൊണ്ടാണ് എന്തൊക്കെയോ

ലഭിച്ചിട്ടുള്ളത്.

*പ്രബോധന*ത്തിൽ ആദ്യമായി ലഭിച്ച ഡ്യൂട്ടി റേപ്പർ ഒട്ടിക്കലും അഡ്രസ് എഴുതലുമാണ്. കാക്കികളറുള്ള ഒരു കടലാസ്. അതിനാണ് റേപ്പർ എന്നു പറയുക. അത് പത്രത്തിൽ ഒട്ടിക്കണം. സ്റ്റാമ്പ് പതിച്ച് അഡ്രസ് എഴുതണം. ഇതാണ് ഒന്നാമതായി കിട്ടിയ ക്ലറിക്കൽ പോസ്റ്റ്. അതോടൊപ്പം സഹപത്രാധിപരുടെ പണിയും പതുക്കെ ചെയ്യേണ്ടതുണ്ടായിരുന്നു. ഹാജി സാഹിബ് ആദ്യമൊക്കെ തർജമ ശരിയാകുന്നുണ്ടോ എന്ന് എന്നെ പരീക്ഷിക്കുന്നത് എനിക്ക് മനസ്സിലായി.

പിന്നീട്, ഒറ്റയിരിപ്പിന് തന്റെ ലേഖനം അദ്ദേഹം പറഞ്ഞുതരും. പിന്നെ തിരിഞ്ഞുനോക്കില്ല. അച്ചടിച്ചുവന്ന ശേഷം പ്രമാദമായ വല്ലതും ഉണ്ടെങ്കിൽ മാത്രമേ ചൂണ്ടിക്കാണിക്കുകയുള്ളൂ. പ്രോത്സാഹിപ്പിക്കുന്നതിന്റെയും വളർത്തിയെടുക്കുന്നതിന്റെയും ഒരു രീതിയാണതെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി.

ക്ലറിക്കൽ പോസ്റ്റ് വല്ലാത്ത ഒരു ഏർപ്പാടായിരുന്നു. വളരെക്കാലം അത് തുടരേണ്ടിവന്നില്ല. പുളിക്കൽ മദീനത്തുൽ ഉലൂമിൽ വിദ്യാർഥിയായിരുന്ന കെ.എം അബ്ദുൽ അഹദ് തങ്ങളെ ഹാജി സാഹിബ് *പ്രബോധന*ത്തിലേക്ക് ക്ഷണിച്ചു. ഞാൻ പുളിക്കലിൽ തങ്ങളുടെ ശിക്ഷ്യനായിരുന്നിട്ടുണ്ട്. അങ്ങനെ തങ്ങൾ *പ്രബോധന*ത്തിൽ വന്നതോടെ, ആ സ്ഥാനത്തേക്ക് വരേണ്ട ഒരാൾ തന്നെയാണ് വന്നതെന്ന് ചരിത്രം അടയാളപ്പെടുത്തുകയുണ്ടായി. ജമാഅത്തിന്റെ സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ നിലകളിൽ നൂറു ശതമാനം ഫിറ്റായിരുന്നു അദ്ദേഹം.

ഹാജിസാഹിബിനും കെ.സി അബ്ദുല്ല മൗലവിക്കും ശേഷം, മൂന്നാം ക്ലാസ് വരെ മാത്രം പഠിച്ച ടി. മുഹമ്മദ് സാഹിബും അഞ്ചാം ക്ലാസ് വിദ്യാഭ്യാസമുള്ള ടി.കെ അബ്ദുല്ലയുമാണ് ദീർഘകാലം *പ്രബോധന*ത്തിന്റെ എഡിറ്ററും സബ് എഡിറ്ററും ആയിരുന്നത്. *പ്രബോധനം* നടന്നത് കാര്യകാരണബന്ധങ്ങൾക്കതീതമായിട്ടാണെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാൻ കഴിയും.

എന്റെ ജ്യേഷ്ഠൻ കുഞ്ഞഹമ്മദ്, ഞാൻ പ്രസ്ഥാനത്തിലേക്ക് വരുംമുമ്പേ പ്രസ്ഥാനത്തിലെത്തിയ യുവാവായിരുന്നു. അദ്ദേഹം *പ്രബോധന*ത്തിന്റെ വരിക്കാരനും വായനക്കാരനും മാത്രമായിരുന്നില്ല, വിതരണക്കാരനുമായിരുന്നു. *പ്രബോധനം* അച്ചടിച്ച് കൊണ്ടുവന്ന്, തപാൽ വഴി അയച്ചാൽ അത് കൈയിൽ കിട്ടാൻ രണ്ടു ദിവസം താമസിക്കും. ഇടക്ക് ഞായറാഴ്ചയുണ്ടെങ്കിൽ മൂന്ന് ദിവസമാകും. മൂന്ന് ദിവസം പോയിട്ട്, മൂന്നു മണിക്കൂർ പോലും അച്ചടിച്ച *പ്രബോധനം* കൈയിൽ കിട്ടാതെ കാത്തുനിൽക്കുക സാധ്യമല്ല. അതുകൊണ്ട് ജ്യേഷ്ഠൻ കുഞ്ഞഹമ്മദ്, പത്രം എടയൂരിൽ പുറത്തിറങ്ങുന്ന രാത്രി എടയൂരിൽ ഹാജരാകും. നേരം പുലരുമ്പോൾ പത്രക്കെട്ടുമായി തിരിച്ചുപോകും. വടകരയിലെത്തി ആയഞ്ചേരിയിലേക്ക് നടക്കും. ഏതാണ്ട് എഴുപത്തിയഞ്ച് കിലോമീറ്ററിലേറെ ദൂരത്തുനിന്നാണ് ഇങ്ങനെ *പ്രബോധനം* വാങ്ങാൻ വരുന്നത്. പത്തോ പതിനഞ്ചോ *പ്രബോധന*മാണ് കൊണ്ടുപോവുക. നാട്ടിൽ മൂന്നോ നാലോ കോപ്പി മാത്രം ചെലവാകും.ബാക്കി കോപ്പികളുമായി വളപട്ടണം വരെ അദ്ദേഹം പോകുമായിരുന്നു.

ഏതൊരു സാഹചര്യത്തിലാണ് അദ്ദേഹം ഇതിനിറങ്ങുന്നതെന്നും നാം അറിയേണ്ടതുണ്ട്. ഉമ്മയുടെ വലതുകൈയിലെ ഒടുവിലത്തെ വളയും വാങ്ങി പണയം വെച്ചിരിക്കുന്നു. ഏറ്റവും നല്ല ഒരു കറവപ്പശു കടം വീട്ടാൻ വേണ്ടി വിൽക്കുന്നു. വീട്ടിലെ ചില ഓട്ടുപാത്രങ്ങൾ വിൽപന നടത്തേണ്ടിവരുന്നു.ഇങ്ങനെ പട്ടിണിയുടെയും പരിവട്ടങ്ങളുടെയും പ്രാരാബ്ധങ്ങൾക്ക് നടുവിൽനിന്ന് കടപ്പെട്ട കാശെ

**ഹാജിസാഹിബിനും കെ.സി അബ്ദുല്ല മൗലവിക്കും ശേഷം, മൂന്നാം ക്ലാസ് വരെ മാത്രം പഠിച്ച ടി. മുഹമ്മദ് സാഹിബും അഞ്ചാം ക്ലാസ് വിദ്യാഭ്യാസമുള്ള ടി.കെ അബ്ദുല്ലയുമാണ് ദീർഘ കാലം *പ്രബോധന*ത്തിന്റെ എഡിറ്ററും സബ് എഡിറ്ററും ആയിരുന്നത്. *പ്രബോധനം* നടന്നത് കാര്യകാരണബന്ധ ങ്ങൾക്കതീതമായിട്ടാണെന്ന് അനുഭവത്തിന്റെ അടിസ്ഥാന ത്തിൽ എനിക്ക് പറയാൻ കഴി യും.**


■ ടി. മുഹമ്മദ് സാഹിബ്

ടുത്ത് ആയഞ്ചേരിയിൽനിന്ന് എടയൂരിൽ പത്രം വാങ്ങി തിരിച്ച് വളപട്ടണം വരെ പോയിട്ട് *പ്രബോധന*ത്തിന് ആളുകളെ ഉണ്ടാക്കിയത്. ഇതൊരു കുഞ്ഞഹമ്മദിൽ ഒതുങ്ങിയ സംഭവമല്ല. ഒരുപാട് യുവാക്കൾ, പ്രസ്ഥാന പ്രവർത്തകർ കാത്തു നിൽക്കാൻ ക്ഷമയില്ലാതെ ഓഫീസിൽവന്ന് പത്രം വാങ്ങിക്കൊണ്ടുപോകുമായിരുന്നു. താജുദ്ദീൻ സാഹിബും ഒരു പഴയ സൈക്കിളും ഓർമയിൽ വരുന്നു. *പ്രബോധന*ത്തിന്റെ, പ്രസ്ഥാനത്തിന്റെ ട്രാവലിംഗ് ഏജൻസിയായിരുന്നു അദ്ദേഹം. കോയമ്പത്തൂരിലും അദ്ദേഹം പോകാറുണ്ടായിരുന്നു. അവിടെ മലയാളികൾ കൂടുതലുണ്ടായിരുന്നു. അങ്ങനെ നടന്നും സൈക്കിളിൽ സഞ്ചരിച്ചും പത്രം പ്രചരിപ്പിച്ച ഒരു തലമുറയുടെ പാരമ്പര്യമാണ് നാം അറുപതാം വാർഷികമായി ആഘോഷിക്കുന്നത്.

ഞാനും ഹാജി സാഹിബും തമ്മിൽ ശക്തമായ ദ്വന്ദ്വയുദ്ധങ്ങൾ നടന്നിട്ടുണ്ട്; ശാരീരികമല്ല, ആശയപരം. പല കാര്യങ്ങളും ഞങ്ങൾ ഒന്നിച്ചെഴുതേണ്ടതുണ്ട്. അങ്ങനെ എഴുതുമ്പോൾ പല വാക്കിന്റെ കാര്യത്തിലും ഒരോ യുദ്ധമാണ് നടക്കുക. ഒരിക്കൽ എഴുതിയ ലേഖനം 'മൗലവിയും ജമാഅത്തിനു നേരെ' എന്നതായിരുന്നു. എം.സി.സി അബ്ദുർറഹ്മാൻ മൗലവിക്കായിരുന്നു മറുപടി. ഓരോ വാക്കിലും തർക്കമാണ്. കുറച്ചു കഴിഞ്ഞപ്പോൾ ഹാജി സാഹിബ് പറഞ്ഞു: 'മൗലവിയുടെ കാര്യം ഞാനെന്തെങ്കിലും ചെയ്യുമായിരുന്നു. നിന്റെ കാര്യമാണിപ്പോൾ പ്രയാസം!' ഹാജി സാഹിബിന്റെ കരുത്തുറ്റ ഒരു പുഞ്ചിരിയിൽ ഏതു പ്രസ്ഥാനക്കാരന്റെ ഹൃദയവും അലിഞ്ഞുപോകും. അത്ര ആത്മാർഥതയുള്ള, ആഴം കണ്ട പുഞ്ചിരിയാണത്. അതുകൊണ്ടാണ് വളാഞ്ചേരിയിലെ ഒരു ബീഡിതെറുപ്പുകാരനായ പ്രവർത്തകൻ 'കണ്ണീരും പുഞ്ചിരിയും' എന്ന നാടകം ആരുമറിയാതെ എഴുതിപ്പോയത്. നാടകത്തിന്റെ വിഷയം മറ്റൊന്നാണെങ്കിലും ഇപ്പോൾ ഞാൻ അതിന് ഇങ്ങനെയും ഒരു അർഥം കൽപിക്കുകയാണ്. അതിനു മുമ്പോ ശേഷമോ അങ്ങനെയൊന്ന് എഴുതിയിട്ടില്ലാത്ത കെ.ബി

കുഞ്ഞമ്മദ് 'കണ്ണീരും പുഞ്ചിരിയും' എന്ന നാടകം എഴുതി. ഒരു ആദർശത്തിന് വേണ്ടിയുള്ള 'ഭ്രാന്താ'യിരുന്നു അതിന്റെ പ്രചോദനം. 'ഭ്രാന്തിന്' ഇവിടെ അർഥം ഇശ്ഖ്-പ്രേമം- എന്നാണ്. പ്രേമം എന്ന് പറഞ്ഞാൽ മതിയാവില്ല. പ്രേമം മൂത്ത് അനുരാഗത്തിന്റെ അവസാനത്തിലെത്തിയ അവസ്ഥ. കെ.സിയെ ഞാൻ ഓർക്കുന്നു. അദ്ദേഹം ഒരു തീരുമാനമെടുത്താൽ അത് നിറവേറ്റിയേ അടങ്ങൂ. സംശയിച്ച് നിൽക്കുന്ന ഏർപ്പാടേ ഇല്ല. ചോദിച്ചാൽ പറയും: 'അതിനൊക്കെ ഒരു ഭ്രാന്ത് വേണമെടോ?' അദ്ദേഹം ചേന്ദമംഗല്ലൂർ ഹൈസ്കൂൾ സ്ഥാപിച്ചത് അങ്ങനെയാണ്. 'റോഡിനരികത്ത് വിധി നടന്നപ്പം ഉയർന്നു വന്നൊരു സ്ഥാപനം' എന്ന് നമ്മുടെ മഹാകവി യു.കെ ചേന്ദമംഗല്ലൂർ സ്ഥാപനത്തെക്കുറിച്ച് പറഞ്ഞതാണ്. ചേന്ദമംഗല്ലൂരിനെ വിജ്ഞാന കേന്ദ്രമാക്കി മാറ്റിയത് കെ.സിയുടെ നിശ്ചയദാർഢ്യമാണ്.

*പ്രബോധന*ത്തിന്റെ ചരിത്രം പറയുമ്പോൾ കൊണ്ടോട്ടിയെ ഞാനോർക്കുന്നു. 'എ.കെ.ജി' എന്ന എ.കെ ഗോപാലൻ സോവിയറ്റ് റഷ്യയിൽ പര്യടനം നടത്തിയ ശേഷം 'താഷ്കന്റും കൊണ്ടോട്ടിയും' എന്ന തലക്കെട്ടിലെഴുതിയ ലേഖനം ഞാനോർക്കുന്നു. "താഷ്കന്റ് എന്ന മുസ്‌ലിം ഉൾനാടൻ പ്രദേശം ഒരുപാട് വളർന്നിരിക്കുന്നു. അതേയവസരം, മുസ്‌ലിം പ്രദേശമായ കൊണ്ടോട്ടി എത്ര പിന്നാക്കാവസ്ഥയിലാണ്. എനിക്ക് സങ്കടം തോന്നുന്നു. അവിടത്തെ ബീഡിതെറുപ്പുകാരായ തൊഴിലാളികൾക്ക് കമ്യൂണിസം മനസ്സിലായിക്കിട്ടിയെങ്കിൽ..." എന്നായിരുന്നു എ.കെ.ജി എഴുതിയത്. ബീഡിക്കമ്പനിയിൽ ജമാഅത്തുകാരും കമ്യൂണിസ്റ്റുകാരുമായ ബീഡിത്തൊഴിലാളികൾ ഒന്നിച്ചിരുന്ന് ബീഡിതെറുക്കുകയാണ്. അപ്പോൾ *പ്രബോധനം* വരും. ജമാഅത്ത് പ്രവർത്തകർ ഒരു വ്യവസ്ഥയുണ്ടാക്കി. ഒരാൾ വായിക്കുക. എല്ലാവരുടെയും വരുമാനത്തിന്റെ ഒരു വിഹിതം അദ്ദേഹത്തിന് നൽകുക. ഇങ്ങനെ നടത്തിയ വായന സഹപ്രവർത്തകരായ മാർക്സിസ്റ്റുകാരും കേൾക്കേണ്ടിവരുന്നു. അങ്ങനെ, ഇന്നലെ ചെങ്കൊടി പിടിച്ച്, *ദേശാഭിമാനി* കക്ഷത്തുവെച്ച് നടന്ന സഖാവ് *പ്രബോധന*ത്തിന്റെ വായനക്കാരനായി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായി മാറുന്നു. കുറ്റ്യാടി, വേളം ശന്തിനഗറിലെ ഇ.ജെ മമ്മു സാഹിബിനെക്കുറിച്ച് നിങ്ങൾ *പ്രബോധന*ത്തിൽ വായിച്ചിട്ടുണ്ടാകും. അദ്ദേഹം മാർക്സിസ്റ്റുകാരനായിരിക്കെ എന്നെ വാദപ്രതിവാദത്തിന് വിളിച്ചു. ഞാൻ ഉള്ളിൽ കിടിലം കൊണ്ടു. അത്ര കഴിവുള്ള മാർക്സിസ്റ്റായിരുന്നു. എന്നെ അദ്ദേഹം സ്നേഹസംവാദത്തിനു ക്ഷണിച്ചു. മുസ്‌ലിയാക്കന്മാരുടെ വാദപ്രതിവാദമല്ല; സൗഹൃദത്തിലുള്ള സംഭാഷണം. ഞാൻ ചെന്നപ്പോൾ അദ്ദേഹത്തിന് അന്ന് അസൗകര്യമുണ്ടായിരുന്നു. അന്നത് നടന്നില്ല. പിന്നീടൊരു ദിവസം മഗ്‌രിബിന് ശേഷം അദ്ദേഹവും സംഘവും കയറിവരുന്നു. നമ്മളെന്താണ് സംസാരിക്കുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ, മമ്മു സാഹിബ് പറയുന്നു: 'ഇന്ന് ഞങ്ങൾ വന്നത് സംസാരിക്കാനല്ല. ഞങ്ങളുടെ നാട്ടിൽ ഒരു ജമാഅത്ത് ഘടകം രൂപീകരിക്കണം'?

എന്താണ് സംഭവിച്ചത്? എന്നോട് സംവാദം നടത്താൻ *പ്രബോധന*ത്തിന്റെ പഴയ ലക്കങ്ങൾ വായിച്ചുതീർത്തു. അതോടെ അദ്ദേഹത്തിൽ മനഃപരിവർത്തനം സംഭവിച്ചു. ഇതായിരുന്നു *പ്രബോധന*ത്തിന്റെ സ്വാധീനം. ആദ്യകാലത്തെ *പ്രബോധന*ത്തിന്റെ ഭാഷ സംസ്കൃതത്തിന്റെ നല്ല ചേരുവയുള്ള മലയാളമായിരുന്നു. നാടൻ മലയാളംഎന്ന് അതിന് പറയാൻ പ്രയാസമായിരുന്നു. അതുകൊണ്ട് ധാരാളം ആളുകൾക്ക് വേണ്ടവണ്ണം അത് മനസ്സിലാക്കുന്നതിൽ പ്രയാസമുണ്ടായിരുന്നു. എന്നാൽ ഭാഷയേക്കാളധികം അത് മനസ്സിലാക്കുന്നതിലുള്ള പ്രയാസം, ആശയവും അതിനു വേണ്ടി പ്രയോഗിക്കേണ്ടിവരുന്ന പദസങ്കേതങ്ങളുമാണ്. ആ ഭാഷയിലേ അത് പറ

യാൻ നിവൃത്തിയുള്ളൂ. വൈരുധ്യാധിഷ്ഠിത ഭൗതികവാദം എന്ന് പറയേണ്ടതിന് വേറൊരു മലയാളം പറയാൻ സാധ്യമല്ല. പക്ഷേ കേരളത്തിലെ ശരാശരി മുസ്‌ലിമിന് അത് മനസ്സിലായിക്കൊള്ളണമെന്നില്ല. ആശയപരമായ കനമാണ് യഥാർഥത്തിലുള്ളത്. മൗദൂദി സാഹിബ് ആദ്യം സംബോധന ചെയ്തത് സമൂഹത്തിലെ ബുദ്ധിജീവി വിഭാഗത്തെയാണ്. അവരുടെ ഭാഷയിൽ, അവരുടെ ശാസ്ത്രമെടുത്ത്, അത് അവരേക്കാൾ മനസ്സിലാക്കി വിശകലനം ചെയ്യുകയായിരുന്നു മൗദൂദി സാഹിബ്.

എന്താണ് *പ്രബോധന*ത്തിന്റെ നേട്ടം എന്നു ചോദിച്ചാൽ, ഒരുകാര്യം ഞാൻ പറയാം. സ്വദേശത്തും വിദേശത്തും ആറു രാജ്യങ്ങളിലായി പതിനാറ് എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്ന മലയാളത്തിലെ ഏറ്റവും മൂർച്ചയുള്ള ദിനപത്രത്തിന്റെ ദേശീയ എഡിറ്ററും *ഗൾഫ് മാധ്യമം* എഡിറ്ററും (ഒ. അബ്ദുർറഹ്മാനും വി.കെ ഹംസ അബ്ബാസും) *പ്രബോധന*ത്തിൽനിന്ന് ജേർണലിസം പഠിച്ചവരാണ്. ഇതാണ് *പ്രബോധന*ത്തിന്റെ കാണപ്പെടുന്ന ഒരു നേട്ടം.

വി.കെ ഹംസ ശാന്തപുരം വിദ്യാർഥിയായിരിക്കുമ്പോൾ നല്ല കട്ടിയുള്ള ഭാഷയിൽ ഒരു ലേഖനമെഴുതി *പ്രബോധന*ത്തിൽ. നല്ല ലേഖനം. പക്ഷേ, സാധാരണക്കാരന് പിടികിട്ടുന്നതല്ല. കുറ്റ്യാടിയിലെ ബാവാച്ചി ഹാജി ഈ ലേഖനം ശ്രദ്ധിച്ചു വായിച്ചു. അദ്ദേഹത്തിന് വി.കെ ഹംസയുടെ പിതാവ് അബ്ബാസ് ഹാജിയുമായി നല്ല വ്യക്തിബന്ധമുണ്ടായിരുന്നു. അബ്ബാസ് ഹാജിയുടെ മകൻ ഹംസ ശാന്തപുരത്തെ വിദ്യാർഥി ആയിരിക്കെതന്നെ ഇത്ര നല്ല ലേഖനമെഴുതിയല്ലോ എന്ന അഭിമാനബോധമായിരുന്നു ബാവാച്ചി ഹാജിക്ക്. അദ്ദേഹം അതേക്കുറിച്ച് മദ്ഹ് പറഞ്ഞ ശേഷം അൽപം പതുങ്ങിയ സ്വരത്തിൽ എന്നോട് പറഞ്ഞു: 'അതൊന്ന് മലയാളത്തിൽ തർജമ ചെയ്താൽ ഞങ്ങളെപ്പോലുള്ളവർക്ക് കുറച്ചുകൂടി ആശ്വാസത്തിൽ മനസ്സിലാക്കാമായിരുന്നു.'

ടി. മുഹമ്മദ് സാഹിബ് അഗാധമായ ബുദ്ധിയും കഴിവുമുള്ള ആളായിരുന്നു. ഞാൻ പലപ്പോഴും അത് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഒരു സംഗതി അന്വേഷിച്ച് കണ്ടെത്താൻ ഒരുപാട് അധ്വാനിക്കണം. നല്ല ഒരു സമയത്ത് ടി. മുഹമ്മദ് സാഹിബിനോട് അതേക്കുറിച്ച് ചോദിക്കും. ശ്രദ്ധ പതിഞ്ഞുകിട്ടിയാൽ അദ്ദേഹമായിക്കൊള്ളും. സംസ്കൃതം പഠിക്കാതെ, മൂന്നാം ക്ലാസ് വരെ മലയാളം പഠിച്ച്, 'ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ' മലയാളത്തിന് സമ്മാനിച്ച വ്യക്തിയാണ് ടി. മുഹമ്മദ് സാഹിബ്. എന്റെ അറിവിൽ ആ പുസ്തകത്തിന് പി. പരമേശ്വരനടക്കം ആരും മറുപടി പറഞ്ഞതായി കേട്ടിട്ടില്ല. 'ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ' പുറത്തുകൊണ്ടുവന്നത് *പ്രബോധന*മാണ്. ടി. മുഹമ്മദ് സാഹിബ് എഡിറ്ററായിരിക്കെയാണ് അതെഴുതിയത്.

വളാഞ്ചേരിയിൽ സാദാത്തുകളും പണ്ഡിതന്മാരും പങ്കെടുത്ത ഒരു സുന്നീ സമ്മേളനം നടന്നിരുന്നു; ജമാഅത്തിനെതിരിൽ. അതിലുണ്ടായ വിമർശനങ്ങൾക്കുള്ള മറുപടികൾ *പ്രബോധന*ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഒരു വിമർശനവും അതിന്റെ മറുപടിയും ഞാൻ പറയാം. *പ്രബോധന*ത്തെ 'പ്രഭോ, ധനം' എന്നാക്കി. ശേഷം പറഞ്ഞു: 'മുതലാളിമാരേ പണം തരിക' എന്നാണ് പത്രത്തിന്റെ അർഥം! ഇതായിരുന്നു വിമർശനം. ഇതിന് *പ്രബോധന*ത്തിന്റെ മറുപടി: "മലയാളത്തിലെ ഒരുപാട് ആളുകൾക്ക് അറിയുന്ന ഒരു വാക്ക് ഇങ്ങനെ പ്രസംഗത്തിൽ കൃത്രിമം നടത്തുന്ന പണ്ഡിതന്മാർ, അറബിഭാഷയിലുള്ള ഖുർആനും ഹദീസും എങ്ങനെയൊക്കെ തെറ്റിദ്ധരിപ്പിച്ചായിരിക്കും ജനങ്ങളോട് പറയുന്നത് എന്ന് ചിന്തിച്ചു നോക്കുക!" 'ജമാഅത്തെ ഇസ്‌ലാമിയും തെരഞ്ഞെടുപ്പും' എന്ന പേരിൽ ഏഴു പണ്ഡിതന്മാരുടെ ഫത്‌വ ഇറ

ങ്ങി. അത് അച്ചടിച്ചുവരും മുമ്പ് ഞങ്ങൾക്ക് കിട്ടി. *പ്രബോധനം* അതിന് മറുപടി എഴുതി. ഫത്‌വ ഇറങ്ങിയതും മറുപടി ഉൾക്കൊള്ളുന്ന *പ്രബോധനം* ഇറങ്ങിയതും ഒരേ സമയമാണ്!

മുസ്‌ലിം ലീഗിന്റെ നേതാവ് മർഹൂം സീതി സാഹിബ് ജമാഅത്തെ ഇസ്‌ലാമിയെ വിമർശിച്ചുകൊണ്ട് ആദ്യകാലത്ത് ഒരു പ്രസംഗം ചെയ്തു. ലീഗിന്റെ ഇസ്‌ലാമിക രാഷ്ട്രവാദം തളർന്നു കഴിഞ്ഞിട്ടില്ലാത്ത ഘട്ടത്തിലായിരുന്നു അത്. അദ്ദേഹം പറഞ്ഞു: ''ഹുകൂമത്തെ ഇലാഹിക്ക് വേണ്ടിയാണു പോൽ ജമാഅത്തെ ഇസ്‌ലാമിയുണ്ടാക്കിയത്. ഇങ്ങനെ ഒരു ആശയത്തിന് വേണ്ടി അവരെന്തിന് ലീഗ് വിട്ടുപോകണം. ലീഗിൽതന്നെ അതിന് പരിഹാരമുണ്ടല്ലോ?" ഇതിന് ടി. ഇസ്ഹാഖലി മൗലവി മറുപടി എഴുതിയിരുന്നു. ഇടമറുക് ഖുർആനെ ചോദ്യം ചെയ്തപ്പോഴും, ശരീഅത്ത് വിവാദകാലത്തും *പ്രബോധനം* ഉന്നത നിലവാരത്തിൽ അവ കൈകാര്യം ചെയ്യുകയുണ്ടായി. ഇങ്ങനെ നീണ്ട പാരമ്പര്യത്തിലൂടെയാണ് *പ്രബോധന*വും ജമാഅത്തും കടന്നുവന്നിട്ടുള്ളത്. തലമുറകൾക്ക് മഹത്തായ ഇസ്‌ലാമിക കാഴ്ചപ്പാട് പകർന്നുനൽകാൻ *പ്രബോധന*ത്തിന് ഇനിയും സാധിക്കണം. ■

വാൽകഷ്ണം: രണ്ടാഴ്ചയിലൊരിക്കൽ പത്രം പുറത്തിറങ്ങുന്ന ദിവസം രാത്രി ഓഫീസിൽ ഉത്സവമായിരിക്കും. അടുത്ത പ്രദേശത്തുള്ള ജമാഅത്ത് പ്രവർത്തകർ ഓഫീസിൽ ഒത്തുചേരും. ദൂരസ്ഥലത്തുനിന്ന് പത്രം വാങ്ങാൻ വന്നുചേരുന്നവരുമുണ്ടാകും. പത്രാധിപരും ജമാഅത്ത് അമീറുമായ ഹാജി വി.പി മുഹമ്മദലി സാഹിബ് മുതൽ പാതി ഉറക്കത്തിലും പ്രസ് കൈകൊണ്ട് കറക്കുന്ന എടയൂരിലെ ബാവ വരെ, എല്ലാവരും ഒരു യന്ത്രം കണക്കെ പണിയിൽ മുഴുകിയിരിക്കും. അതിൽ സ്ഥാനമാനങ്ങളുടെ ഭാവഭേദങ്ങൾ ഉണ്ടാകില്ല. സുബ്ഹി വരെ പണികൾ നീളുന്ന ആ രാത്രിയെ 'ലൈലത്തുൽ ഖദ്ർ' എന്നാണ് വിളിച്ചിരുന്നത്. രാത്രി പണിക്കിടയിൽ കട്ടൻ കാപ്പിയും കപ്പ പുഴുങ്ങിയതും ഉണ്ടാകും. അതിന് ഒരു നോമ്പുതുറ ഭക്ഷണത്തിന്റെ സ്വാദുണ്ടാകും. സമയത്തിന്റെ പ്രത്യേകത കൊണ്ടുകൂടിയാണത്. ഇങ്ങനെ പ്രഫഷണൽ പത്രപ്രവർത്തനത്തിന്റെ രീതിയിലല്ലാതെ, ആദർശപരമായ ദൗത്യനിർവഹണമായി ഒരു ഇബാദത്തായിട്ടായിരുന്നു *പ്രബോധന*ത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ. അതിന്റെ ഹൃദ്യതക്കും ആസ്വാദ്യതക്കും പകരം വെക്കാൻ മറ്റൊന്നുമില്ല എന്നാണ് അനുഭവം.